പട്ടിക : ലോകാരോഗ്യ സംഘടനയും ഭക്ഷ്യ സുരക്ഷാ നിയമവും പറയുന്നതനുസരിച്ച് ഇന്ത്യയിലെ ഓരോ കുടുംബത്തിനും ഒരു മാസം 35 കിലോ ധാന്യം കൊടുക്കുന്നുവെങ്കിൽ താഴെ കാണുന്ന പട്ടിക പറയും എത്ര ഭക്ഷണം ഇതിനായി വേണമെന്ന്.

| വർഷം | മൊത്ത ജനസംഖ്യ | ഭക്ഷ്യധാന്യ വിളകളുടെ മൊത്ത ഉൽപാദനം | യഥാർത്ഥത്തിൽ ആവശ്യമുള്ളത് | മൊത്ത ഉൽപാദനത്തിൽ ആവശ്യമുള്ളത്. |
|---|---|---|---|---|
| 1951 | 361.1 | 69.8 (1953 - 54) | 30.3 | 43% |
| 1961 | 439.2 | 82.02 | 36.9 | 45% |
| 1971 | 548.2 | 108.42 | 46.04 | 42.5% |
| 1981 | 683.3 | 129.59 | 53.4 | 41.2% |
| 1991 | 843.4 | 176.39 | 70.8 | 40.1% |
| 2001 | 1027 | 196.81 | 86.3 | 43.8% |
| 2011 | 1210 | 244.78 | 101.6 | 41.5% |
| 2051 | 1706(estimate) | | 143.3 | |

ഈ പട്ടിക സൂചിപ്പിക്കുന്നതെന്തെന്നാൽ ഇന്ത്യ അതിന്റെ സ്വാതന്ത്ര്യലബ്ധിക്കാലത്തു പോലും ഭക്ഷ്യോൽപാദന പ്രതിസന്ധി നേരിട്ടിട്ടില്ല എന്നാണ്. വാസ്തവത്തിൽ 1950 കളിലും അതിനുശേഷവും നമ്മുടെ ജനങ്ങൾക്കാവശ്യമായതിന്റെ രണ്ടര മടങ്ങ് നാം ഉൽപ്പാദിപ്പിച്ചിരുന്നു. എന്നിട്ടും ഇപ്പോഴും ലക്ഷക്കണക്കിനാളുകൾ നിരന്തരമായി പട്ടിണി കിടക്കുന്നതെന്തുകൊണ്ട്? എന്തെന്നാൽ ഉൽപ്പാദിപ്പിക്കപ്പെട്ട ധാന്യം ഒരിക്കലും നീതിയുക്തമായി വിതരണം ചെയ്യപ്പെടാനായി മാറ്റിവയ്ക്കപ്പെട്ടില്ല. പകരം ചന്തകളിലേക്കും കാശുകൊടുത്തു വാങ്ങുന്നവരിലേക്കും മാത്രമായി ഉൽപ്പാദനം മാറ്റപ്പെട്ടു. ചില സമയങ്ങളിൽ പൂഴ്ത്തിവയ്പുകാരിലേക്ക്, ചില സമയങ്ങളിൽ പണക്കാരിലേക്ക്, ചില സമയങ്ങളിൽ പട്ടാളക്കാരിലേക്ക്, ചില സമയങ്ങളിൽ വിദഗ്ധർക്കുമായി മാറ്റപ്പെട്ടു. പക്ഷേ ഒരിക്കലും യഥാർത്ഥ ആവശ്യക്കാരിലേക്ക് എത്തിയില്ല. ഇന്നാകട്ടെ സാഹചര്യങ്ങൾ കുറെക്കൂടി മോശമായിരിക്കുന്നു. സർക്കാർ തന്നെ അംഗീകരിക്കുന്നുണ്ട് വിതരണത്തിനായി സംഭരിക്കുന്ന ധാന്യത്തിന്റെ 30 ശതമാനം എലികൾ തിന്നു തീർക്കുകയാണെന്ന്. അതാകട്ടെ ഗുരുതരപോഷകാഹാരക്കുറവു നേരിടുന്ന ജനങ്ങൾക്ക് ആവശ്യമായത്ര അളവിലുള്ളതാണ്. അതായത് നമ്മുടെ രാജ്യം പോറ്റുന്നത് എലികളെയാണ് അല്ലാതെ പട്ടിണിപാവങ്ങളെയല്ല.



## ഭക്ഷ്യമേഖലയിലെ സാമ്പത്തിക അഴിമതി

സത്യത്തിൽ ഭക്ഷണം എന്നത് അഴിമതി നിറഞ്ഞ സമ്പദ്ഘടനയിലൂടെയാണ് കടന്നുപോകുന്നത്. പൂഴ്ത്തിവയ്പ്, കള്ളക്കടത്ത്, ഉൽപ്പന്നത്തിന്റെ ഗുണം കുറച്ച് ലാഭം കൊയ്യുക മുതലായവ ഭക്ഷ്യ ലഭ്യതയിലും വിലയിലും സ്വാധീനം ചെലുത്തുന്നു. ലോകത്താകമാനം ഭക്ഷ്യവിലയിലുണ്ടായ കുതിച്ചു ചാട്ടത്തിനു കാരണമെന്തെന്നാൽ ഭക്ഷ്യ ധാന്യങ്ങൾ മാംസവ്യവസായത്തിനാവശ്യമായ ഭക്ഷണമായും ജൈവഇന്ധന വ്യവസായത്തിലേക്കും നീങ്ങിയതുകൊണ്ടാണ്.

കഴിഞ്ഞ അൻപത് വർഷക്കാലയളവിൽ കൃഷിരംഗത്തുണ്ടായ തീവ്രമാറ്റങ്ങൾ കാരണം രാസവളങ്ങൾ, കീടനാശിനികൾ മുതലായവയുടെ നിർമ്മാണ കമ്പനികൾ കോടീശ്വരരായി മാറി. യഥാർത്ഥ കർഷകനൊഴിച്ച് ഭക്ഷ്യവ്യവസായചങ്ങലയിലെ മറ്റെല്ലാവരും ഇതിന്റെ ലാഭം കൊയ്തു. ഒരു കർഷകന്റെ മാസ വരുമാനം ഇപ്പോഴും മൂവായിരം രൂപയിൽ താഴെയായി നിലനിൽക്കുന്നു. പത്തു വർഷക്കാലയളവിനുള്ളിൽ തന്നെ ഇന്ത്യയിൽ 3 ലക്ഷത്തിലധികം കർഷകർ ആത്മഹത്യ ചെയ്തു. കൃഷി പ്രതിഫലം ലഭിക്കാത്ത ഒരു തൊഴിലാവുകയും നമുക്ക് സുരക്ഷിത ഭക്ഷണം നൽകുന്നവർ നശിക്കുകയും ചെയ്യുന്നു. ഇവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 2004ൽ കർഷകർക്കായി രൂപീകരിച്ച എം.എസ്സ്. സ്വാമിനാഥൻ കമ്മീഷൻ ഭക്ഷ്യവിളകളുടെ മിനിമം താങ്ങുവില ഉയർന്ന നിരക്കിലായിരിക്കണമെന്ന് ശുപാർശ ചെയ്തു. പക്ഷേ ഇപ്പോൾ നിലവിലുള്ള ഗവൺമെന്റും അത് നടപ്പാക്കുന്നതിൽ വിസമ്മതിച്ചിരിക്കുകയാണ്. ഈയിടെ ഏഴാം ശമ്പളക്കമ്മീഷൻ താഴെത്തട്ടിലുള്ള സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം 21000 രൂപയായി നിശ്ചയിച്ചു. പക്ഷേ ഒരു കർഷകന്റെ ശരാശരി വരുമാനം അതിൽ നിന്നും ഏഴുമടങ്ങ് താഴെയാണ്. അടുത്തിടെ കർഷക സംഘടനകൾ

**പത്തു വർഷക്കാലയളവിനുള്ളിൽ തന്നെ ഇന്ത്യയിൽ 3 ലക്ഷത്തിലധികം കർഷകർ ആത്മഹത്യ ചെയ്തു. കൃഷി പ്രതിഫലം ലഭിക്കാത്ത ഒരു തൊഴിലാവുകയും നമുക്ക് സുരക്ഷിത ഭക്ഷണം നൽകുന്നവർ നശിക്കുകയും ചെയ്യുന്നു**



'കിസാൻഏക്ത' എന്ന പേരിൽ ഒത്തു ചേരുകയുണ്ടായി. അവരുടെ ആവശ്യം എന്തെന്നാൽ പൊതുവേ സമ്പന്നരായ സർക്കാർ ജീവനക്കാർക്ക് ഉയർന്ന തൊഴിൽ വേതനം നൽകുന്നതിനു മുൻപേ കർഷകവരുമാനകമ്മീഷൻ രൂപവൽക്കരിക്കുക എന്നതാണ്. എന്തെന്നാൽ അവരാരും തന്നെ കർഷകരെപ്പോലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കൊണ്ട് ആത്മഹത്യ ചെയ്യുന്നില്ല.

സുരക്ഷിതവും നിലനിൽക്കുന്നതുമായ ഒരു വ്യവസ്ഥരൂപീകരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാമാണ് ചെയ്യേണ്ടത്. ജീവദായകരായ കർഷകർ തന്നെ കീടനാശിനികളുടെയും രാസവളങ്ങളുടെയും അതിയായ ഉപയോഗം മൂലം മരണകാരകരായിത്തീരുന്നു. അവർ കാർഷിക മേഖലയിൽ നിന്ന് സ്വയം ഒഴിഞ്ഞു പോകുന്നു. നമ്മുടെ ഭക്ഷ്യ ശൃംഖല മുഴുവൻ വിഷമയമാകുകയും നമ്മുടെ പരിസ്ഥിതിയിൽ ഇതിന്റെ പ്രത്യാഘാതം വളരെ കൂടുതലുമാകുന്നു. അമേരിക്കയിലുള്ള സെന്റർ ഫോർ ഡിസീസ് കൺട്രോൾ (സി.ഡി.സി) അമേരിക്കയിലെ നവജാതശിശുക്കളിൽ നടത്തിയ ഗവേഷണത്തിൽ 287 തരം രാസവസ്തുക്കൾ കുഞ്ഞുങ്ങളിൽ കണ്ടെത്തി. നല്ലരീതിയിൽ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച ഒരു വികസിത രാജ്യത്തിന്റെ അവസ്ഥ ഇതാണെങ്കിൽ ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ രക്ത പരിശോധന ഫലത്തെക്കുറിച്ചു ചിന്തിച്ചു നോക്കൂ. നമ്മളെല്ലാം വന്നേക്കാവുന്ന കാൻസറിനെയോ അന്തർസ്രാവി ഗ്രന്ഥിക്കുണ്ടാക്കുന്ന തകരാറിനെയോ കാത്തിരിക്കുന്നു.

സുരക്ഷാ ശാസ്ത്രം വളരെയേറെ പുരോഗമിച്ചിരിക്കുന്നു. ലോകരാജ്യങ്ങൾ ധാരാളം കീടനാശിനികൾ നിരോധിക്കുകയും ചെയ്തു. പക്ഷേ ഇന്ത്യയിൽ നാം ഇപ്പോഴും അവയുടെ ഉപയോഗം തുടരുന്നു. 2011 ൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ട 229 കീടനാശിനികളിൽ 67 എണ്ണം മറ്റു രാജ്യങ്ങളിൽ നിരോധിച്ചവയാണ്. നാം മാത്രം അവയുടെ ഉപഭോഗം തുടരുന്നു. അഴിമതിയിൽ മുങ്ങിയ കാര്യ നിർവ്വഹണ രീതിയോട് നന്ദിപറയാം.

## ഹരിത വിപ്ലവം – സാധ്യത

ആസൂത്രണക്കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ ഹരിത വിപ്ലവം പ്രതീക്ഷക്കൊത്തുയർന്നിട്ടില്ലെന്ന് അവർ തന്നെ സമ്മതിക്കുന്നുണ്ട്. യഥാർത്ഥത്തിൽ സംഭവിച്ചതെന്തെന്നാൽ നാം ജീവിക്കുന്ന ആവാസ വ്യവസ്ഥയെ അത് വിഷമയമാക്കി. ലോകത്താകമാനം നിരോധിച്ച രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം നമ്മുടെ ജൈവവൈവിധ്യവും കാർഷിക വൈവിധ്യവും നഷ്ടപ്പെടുത്തി. നമ്മുടെ നല്ലവിത്തുകൾ, അവയിലധികവും ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ളത്, ഔഷധ ഗുണമുള്ളത് കൂടാതെ സാമ്പത്തികമൂല്യ സാധ്യത ഉള്ളത് എല്ലാം തുടച്ചു മാറ്റപ്പെട്ടു. പകരം നമുക്ക് ലഭിച്ചത് കുറച്ചു ഉയർന്ന ഉൽപ്പാദനശേഷിയുള്ള (അതും സ്ഥായിയല്ല) സങ്കര ഇനങ്ങളുടെ വകഭേദങ്ങൾ. ചിന്തിച്ചു നോക്കൂ അരിയിൽ തന്നെ നമുക്ക് രണ്ട് ലക്ഷത്തിലധികം സ്വദേശ വകഭേദങ്ങൾ ഉണ്ടായിരുന്നു. ഇന്നാകട്ടെ ആയിരത്തിൽപ്പരമേ അവശേഷിച്ചിട്ടുള്ളൂ.

അടുത്ത പുതിയ ഭീഷണി ജനിതകമാറ്റം വരുത്തിയ വിത്തുകളാണ്. ബി.ടി. വഴുതനങ്ങയെക്കുറിച്ചുള്ള ജൈവ സുരക്ഷാ വിവരങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞു. ഇന്ത്യയിലെ ലക്ഷക്കണക്കിനു ബി.ടി. പരുത്തി കർഷകരാകട്ടെ സ്വയം മരണം വരിച്ചതിനു തുല്യമാണ്. നാം രണ്ടു കാര്യങ്ങൾ മനസ്സിലാക്കണം. ഒന്ന് നാടൻ വിത്തിനങ്ങളെക്കാളും ഈ വിത്തുകൾക്ക് വില അധികമാണ്. രണ്ടാമത് ഈ വിത്തുകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. അവയിൽ ചിലത് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഏറെ ഗൗരവമേറിയ വിഷയം ബഹുരാഷ്ട്രക്കമ്പനികൾ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം തന്നെ ഈ വിത്തിന്റെ അനന്തരഫലത്തെക്കുറിച്ചുള്ള സത്യാവസ്ഥ വെളിപ്പെടുത്താൻ വിമുഖത കാട്ടുന്നു. വളരെയടുത്തായി ഇന്ത്യൻ പാർലമെന്റിൽ ചോദ്യം ഉന്നയിച്ചപ്പോൾ ഞങ്ങൾക്ക് ലഭിച്ച ഉത്തരമാണ് - ജനിതമാറ്റം വരുത്തിയ വിളകൾ യാതൊരു അനന്തരഫലവുമുണ്ടാക്കുന്നില്ല എന്നത്. എന്തിനധികം വകുപ്പു മന്ത്രി പോലും പാർലമെന്റിൽ നുണ പറയുകയായിരുന്നു. ഇത് ദൂഷ്യഫലമുണ്ടാക്കുന്നതാണെന്ന് 400ൽപരം പഠനങ്ങൾ തെളിയിച്ചതാണ്. എന്നിട്ടും മന്ത്രാലയം കള്ളം പറഞ്ഞു.

ഭക്ഷ്യ സുരക്ഷക്കു വേണ്ടി ഈ ശാസ്ത്രജ്ഞരും, ഗവൺമെന്റും അല്ലെങ്കിൽ ബഹുരാഷ്ട്ര കമ്പനികളും കീടനാശിനികളെയും ജനിതകമാറ്റം വരുത്തിയ വിളകളെയും പ്രോൽസാഹിപ്പിക്കുകയാണ്. സത്യമെന്തെന്നാൽ ഇത്തരം സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിലൂടെ ഇന്ത്യക്ക് ഒരിക്കലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയില്ല.

ഇന്ത്യ നാലു മടങ്ങ് ഭക്ഷ്യ സുരക്ഷിതമാണ്.. വിതരണവും സുരക്ഷയുമാണ് ഇപ്പോഴത്തെ സുപ്രധാന കാര്യം

നാം ആവശ്യമായ ഭക്ഷ്യ ഉൽപ്പാദനം നേടിയെടുത്തു കഴിഞ്ഞു. എന്തെന്നാൽ രാജ്യത്തെ പോറ്റുന്നതിലേക്കായി (ഭക്ഷ്യ സുരക്ഷ) ഇന്ത്യ ഗവൺമെന്റ് 52 മുതൽ 30 ശതമാനം വരെ ഭക്ഷ്യധാന്യമേ കർഷകരിൽ നിന്നും

**പുതിയ ഭീഷണി ജനിതകമാറ്റം വരുത്തിയ വിത്തുകളാണ്. ബി. ടി. വഴുതനങ്ങയെക്കുറിച്ചുള്ള ജൈവ സുരക്ഷാ വിവരങ്ങൾ വെളിപ്പെടുത്തിക്കഴിഞ്ഞു. ഇന്ത്യയിലെ ലക്ഷക്കണക്കിനു ബി. ടി. പരുത്തി കർഷകരാകട്ടെ സ്വയം മരണം വരിച്ചതിനു തുല്യമാണ്**



സംഭരിക്കുന്നുള്ളൂ. ബാക്കി കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങളെ പ്രാദേശിക വിപണിയിൽ വിറ്റഴിക്കാൻ നിർബന്ധിതമാകുന്നു. വിപണിയിലെ കുതന്ത്രങ്ങളിലും ചതിയിലും പെട്ട് വഞ്ചിതരാകുന്നു. അതുകൊണ്ട് കർഷകനു നല്ല വരുമാനം ലഭിക്കുന്നതിലൂടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. ആയതിനാലാണ് കർഷക വരുമാന കമ്മീഷന്റെ ആവശ്യകതക്ക് പ്രസക്തിയേറുന്നത്.

ലോകത്തിലേയും ഇന്ത്യയിലേയും കാർഷിക മേഖലയിലേക്ക് നമ്മുടെ ശ്രദ്ധ പുനർകേന്ദ്രീകരിക്കേണ്ടതാണ്. നമ്മുടെ ശ്രദ്ധ ചെറുകിട കർഷകരെ പുനരുത്ജീവിപ്പിക്കുന്നതിനും ചെറുകൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനും കുറഞ്ഞ ചെലവിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്ഥിരസ്ഥിര കാർഷികമേഖലയിലുമായിരിക്കണം. നമ്മുടെ പ്രകൃതിദത്ത പ്രതിരോധ ശേഷി കൂടിയ നാടൻ വിത്തിനങ്ങൾ തിരികെ കൊണ്ടുവരുന്നതിലൂടെ നമ്മുടെ മണ്ണിനെയും കാലാവസ്ഥയെയും പൂർവ്വസ്ഥിതിയിലാക്കാൻ കഴിയും. സാമ്പത്തിക വളർച്ചക്കും, കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കാനുമുള്ള വഴി ഇതുമാത്രമാണ്. നിലവിലുള്ള ഭരണവ്യവസ്ഥ എല്ലാതലത്തിലും നവീകരിക്കേണ്ടതുണ്ട്.

## ജൈവകൃഷി - പ്രകൃതി കൃഷി

ജൈവകൃഷിരീതിയുടെ മുഖം ലോകമെമ്പാടും മാറിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത ജൈവകൃഷിരീതിയിൽ നിന്ന് കൂടുതൽ തീവ്രവും എളുപ്പവുമുള്ള രീതിക്കായി പ്രായോഗിക വസ്തുക്കളുടെ ഉപയോഗം നല്ലരീതിയിലായിരിക്കണം. ഒരു ഉദാഹരണമെന്നത് ചാണകത്തിന്റെയും ഗോമൂത്രത്തിന്റെയും ഉപയോഗം. മുൻകാലങ്ങളിൽ ഇവയെല്ലാം കൃഷിയിടത്തിൽ നേരിട്ടാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോഴാകട്ടെ കർഷകർ ജൈവ സാങ്കേതിക വിദ്യ ഇതിനായി വികസിപ്പിച്ചിരിക്കുന്നു. പഞ്ചഗവ്യം, അമൃതപാനി, ബീജാമൃതം, ജീവാമൃതം, അഞ്ചിലകീടവിരട്ടി തുടങ്ങി ധാരാളം മിശ്രിതങ്ങൾ ചാണകം, ഗോമൂത്രം, വ്യത്യസ്തതരം ഇലകൾ എന്നിവ ചേർത്ത് നിർമ്മിക്കുകയും അത് കർഷകരുടെ നിലനിൽപ്പിന്റെ മന്ത്രമാകുകയും ചെയ്തു. കാർഷിക രീതിയിൽ ഇവ്വിധം വന്ന മാറ്റങ്ങൾ കാർഷിക മേഖലക്ക് കൂടുതൽ സ്ഥിരതയും സുരക്ഷിതത്വവും സർവ്വോപരി പരമാധികാരവും നൽകി. ഇത് വ്യക്തമാക്കുന്നതെന്തെന്നാൽ ചെറുകിടകൃഷി രീതിയാണ് നല്ലതെന്നും ഈ രീതിയിലൂടെ ലോകത്തിനാവശ്യമായ ഭക്ഷ്യോൽപ്പാദനം സാധ്യമെന്നുമാണ്.

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യാവകാശവുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ 57 രാജ്യങ്ങളിലെ 37 മില്യൺ ഹെക്ടർ കൃഷിയിടത്തിൽ നടത്തിയ 289 പ്രോജക്ടുകൾ പ്രകാരം പാരിസ്ഥിതിക ജൈവ കൃഷി രീതിയിലൂടെ ഉൽപ്പാദനത്തിൽ 79 ശതമാനം വർദ്ധനവുണ്ടായെന്നാണ്. ജൈവ കൃഷി രീതിയിൽ രാസവസ്തുക്കളോ, ജനിതകമാറ്റം വരുത്തിയ വിത്തുകളോ കീടനാശിനികളോ ഉപയോഗിച്ചിട്ടില്ലെന്ന് പഠനം വ്യക്തമാക്കുന്നു. ജൈവ കൃഷി രീതി കൃഷിയിടത്തിൽ തന്നെ ഉൽപ്പാദന വർദ്ധനവിനു കാരണമായി. ഗ്രാമീണ മേഖലയിലെ പട്ടിണി കുറച്ചു. പോഷകമൂല്യം വർദ്ധിക്കുന്നതിനു കാരണമായി. കൂടാതെ കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കാനും കർഷകരെ സഹായിച്ചു.

തീർച്ചയായും ഈ കാലം നിലനിൽക്കുന്ന കൃഷിയും സുരക്ഷിത ഭക്ഷ്യോൽപ്പാദനം വളർത്താനും അതിലൂടെ നമ്മുടെ രാജ്യത്തെ കാർഷിക പരമാധികാരം ഉറപ്പാക്കാനും വേണ്ടിയാണ്. നമ്മുടെ രാഷ്ട്രീയ അവസ്ഥയിൽ കുറച്ചു കാലമായി വന്ന മാറ്റം നമ്മുടെ ആവാസ വ്യവസ്ഥ, സംസ്കാരം, ജീവിതരീതി എന്നിവ എല്ലാം വിഷത്തിന്റെയും ലാഭത്തിന്റെയും ഇടനിലക്കാർ രൂപപ്പെടുത്തുന്ന അവസ്ഥയിലാക്കി. നമുക്ക് കച്ചവടബന്ധങ്ങളാണ് സംസ്കാരശാസ്ത്ര ബന്ധങ്ങൾക്കു പകരം ലഭിച്ചത്. ചുരുക്കിപ്പറഞ്ഞാൽ മാർക്കറ്റുകൾ നമ്മടെു സംസ്കാരം, ശാസ്ത്രം എന്നിവയെ മാറ്റിമറിച്ച് മനുഷ്യവർഗ്ഗത്തിന്റെ യഥാർത്ഥ ആദ്ധ്യാത്മികമായ, സമഗ്രമായ വളർച്ചയെ വളച്ചൊടിച്ചു. ഇത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഇന്ന് വലിയൊരു വിഭാഗം ജനങ്ങളും സംഘടനകളും സഹകരിച്ച് അവരുടെ അശ്രാന്ത പരിശ്രമത്തിലൂടെ ഇക്കാര്യം രാജ്യത്തിന്റെയും ലോകത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. ഇന്ത്യയിലെ നൂറുകണക്കിനു സംഘടനകൾ സുസ്ഥിര കൃഷിരീതിയിലൂടെ നമ്മുടെ രാജ്യത്തിന്റെ മുഖഛായ മാറ്റിയെടുക്കാൻ ശ്രമിക്കുന്നു. സിക്കിം ഒരു ഉത്തമ ഉദാഹരണമാണ്. ഓർഗാനിക് സിക്കിം ആരംഭിച്ചപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞത് എല്ലാ സംസ്ഥാനങ്ങളും ജൈവകൃഷിരീതി സ്വീകരിക്കണമെന്നും ഈ മാറ്റത്തിന്റെ കാറ്റ് രാജ്യം മുഴുവൻ അലയടിക്കട്ടെ എന്നുമാണ്. ഇതൊരു സ്വപ്നമാണ്. നമ്മൾ കർഷകർക്കും ഉപഭോക്താക്കൾക്കും ഈ മാറ്റത്തിന്റെ ഭാഗമാകാം. ■



**Article about food security by R Sridhar in Arogyamasika Magazine, August 2016**





എസ്. ഉഷ

# ജി.എം.കടുക് ഉയർത്തുന്ന ഭീഷണികൾ



വൻകിട കുത്തക കമ്പനികളിൽ നിന്നും നമ്മുടെ കർഷകനെ രക്ഷിക്കേണ്ട ഉത്തരവാദിത്വവും നമുക്കുണ്ട്. ബി.ടി.പരുത്തി ഇന്ത്യയിൽ കൃഷിതുടങ്ങിയതിനുശേഷം പരുത്തി കർഷകർ കൂടുതൽ ദാരിദ്ര്യത്തിലേക്കാണ് പോയതെന്ന് നമുക്കിന്നു അറിയാം. പ്രകൃതിക്കും നമ്മുടെ ആരോഗ്യത്തിനും ജി.എം വിളകൾ ഒരു ഭീഷണിയാണെന്നും പല പഠനങ്ങളും ചൂണ്ടികാണിക്കുന്നു. ഈ ഒരു സാഹചര്യത്തിലാണ് ജി.എം വിളകൾക്കെതിരെ ഒരു ദേശീയ കൂട്ടായ്മ 2006 ൽ രൂപം കൊണ്ടത്. ഒരുപാട് വിദഗ്ധർ ഈ കൂട്ടായ്മയിലുണ്ട്. ഇവർ നിരന്തരം പഠനങ്ങൾ നടത്തുകയും അത് ജനങ്ങളെ അറിയിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ഈ അടുത്ത കാലത്തായി ജി.എം കടുക് കൃഷി ചെയ്യാനുള്ള അനുമതിക്ക് വേണ്ടി ഇത് വികസിപ്പിച്ച ശാസ്ത്രജ്ഞൻ കേന്ദ്ര സർക്കാരിനെ സമീപിക്കുകയും സർക്കാർ ഒരു അനുകൂല സമീപനം കാണിക്കുകയും ചെയ്തപ്പോൾ ഇത് അപകടമാണെന്ന് ജി.എം ഫ്രീ ഇന്ത്യ കൂട്ടായ്മ ശക്തമായി പറയുകയും അതിനെതിരെ ദേശീയതലത്തിൽ ഒരു ബോധവത്കരണം നടത്തി വരുകയുമാണ്.

**ജി.എം കടുക് ഉയർത്തുന്ന പ്രശ്നങ്ങൾ**

- ജനിതക മാറ്റം സാങ്കേതിക വിദ്യ സുരക്ഷിതമല്ല. അസ്വഭാവികവും സൂക്ഷ്മമല്ലാത്തതുമായ ഒരു സാങ്കേതിക വിദ്യയാണ് ജനിതക എൻജീനിയറിംഗ്. ഉറപ്പില്ലാത്തതും എന്നാൽ തിരിച്ച്മാറ്റാൻ കഴിയാത്തതുമായ സ്വഭാവ വ്യത്യാസങ്ങൾ ജീവികളിൽ വരുത്താനും ഈ ടെക്നോളജിക്കു കഴിയും. കൃഷിയിലും ഭക്ഷണത്തിലുമെല്ലാം വരുത്തുന്ന ഈ മാറ്റങ്ങൾ നമ്മുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഗുണകരമല്ല. കർഷകർക്കും, ഉപഭോക്താവിനും നല്ല വിത്തും ഭക്ഷണവും തിരഞ്ഞെടുക്കാനുള്ള അവസരവും ഇതിലൂടെ ഇല്ലാതാകും. ലോകത്ത് ഇത്തരം ഉൽപ്പന്നങ്ങൾക്ക് വിപണി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

- ജനിതകമാറ്റം വരുത്തിയ കടുക് ഒരു ട്രോജൻ ഹോഴ്സ് മാത്രമാണ്:. ഡൽഹി സർവ്വകലാശാല വികസിപ്പിച്ചെടുത്തതാണ് ജനിതകമാറ്റം വരുത്തിയ കടുക്. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ വികസിപ്പിച്ചു എന്നതുകൊണ്ട് അപകടം പിടിച്ച ഒരു സാങ്കേതിക വിദ്യയുടെ അപകടം കുറയുന്നില്ല. ഇക്കാര്യത്തിൽ ജൈവസുരക്ഷ ഒരു പ്രശ്നം തന്നെയാണ്. മോൺസാൻറോ പോലുള്ള വിത്ത് കമ്പനികൾ ഒരുപാട് ജനിതക മാറ്റം വരുത്തിയ വിത്തുകൾ തയ്യാറാക്കി വച്ചിരിക്കുകയാണ്. കളനാശിനികളെ പ്രതിരോധിക്കുന്ന, കുപ്രസിദ്ധമായിക്കൊണ്ടിരിക്കുന്ന എച്ച്.ടി ചോളം ഇവയിലൊന്നാണ്. ബി.ടി.വഴുതനങ്ങക്കെതിരെ ഉയർന്ന ജനവികാരം കണ്ട് അവർ തൽക്കാലം മിണ്ടാതെയിരിക്കുകയാണ്. പൊതുമേഖലാ സർവ്വകലാശാലയിൽ വികസിപ്പിച്ചെടുത്തതിന്റെ പേരിൽ ജി.എം. കടുകിന് അനുമതി കിട്ടിയാൽ അതിനു തൊട്ടുപുറകെ തങ്ങളുടെ വിത്തുകൾക്കും അനുമതി ലഭിക്കാനുള്ള സമ്മർദ്ദം ചെലുത്താൻ കഴിയും എന്ന ശുഭാപ്തി വിശ്വാസത്തിലാണവർ.അതായത് ജി.എം.കടുക് ഒരു ട്രോജൻ ഹോഴ്സ് മാത്രമാണ്.

- 2002ൽ ഇന്ത്യ നിരസിച്ച ബേയർഎന്ന കമ്പനിയുടെ ജി.എം. കടുകുമായിതിനു സാമ്യമുണ്ട്. ജി.എം.കടുകിൽ മൂന്ന് തരം ജീനുകളാണ് സന്നിവേശിപ്പിച്ചിരിക്കുന്നത്. ബാർ, ബാർനാസേ, ബാർസ്ററാർ എന്നിവയാണിവ. 2002ൽ ബേയർ കൊണ്ടുവന്ന ജി.എം.കടുകിലും ഈ മൂന്ന് ജീനുകളാണ് ഉണ്ടായിരുന്നത്. ഈ ഉൽപ്പന്നം പരിശോധനക്കായി എത്തിയപ്പോൾ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ച് (ഐ സി എ ആർ) ഇതിന്റെ ജൈവസുരക്ഷ സംബന്ധിച്ച പഠനങ്ങളിൽ തൃപ്തരായില്ല.

- കടുക് ഒരു എണ്ണക്കുരു വിള മാത്രമല്ല. ഉത്തരേന്ത്യയിൽ കടുകിന്റെ ഇല പ്രധാന പച്ചക്കറിയാണ്. ഒരു പച്ചക്കറിയായി ഉപയോഗിക്കാൻ ജി.എം. കടുക് സുരക്ഷിതമാണോ എന്ന പഠനങ്ങളൊന്നും അവർ നടത്തിയിട്ടില്ലായിരുന്നു.ഇതെല്ലാം ചൂണ്ടിക്കാട്ടിയാണ് ഐ സി എ ആർ ഇതിന് അനുമതി നിഷേധിച്ചത്. ജി.എം.കടുക് അത് ആവശ്യമില്ലാത്ത പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നതിനെ എങ്ങിനെ തടയാൻ കഴിയും എന്നതിന് കൃത്യമായ ഉത്തരവും അവർക്കുണ്ടായിരുന്നില്ല. ഈ വിത്തിന്റെ ഒരു പ്രത്യേകത ഇത് കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള വിത്താണെന്നതാണ്.ഇത് നേരത്തെ വികസിപ്പിച്ചെടുത്ത ബേയറും(പ്രോ അഗ്രോ എന്ന ബേയറിന്റെ

ഇന്ത്യൻ നിയമം (കാർഷിക വിളകളെയും കർഷകരുടെ വിത്തിൻമേലുള്ള അവകാശത്തെയും സംരക്ഷിക്കുന്ന നിയമം) ഈ സാങ്കേതിക വിദ്യയെ വിശദീകരിക്കുന്നത് ജീവനും ജീവജാലങ്ങളുടെആരോഗ്യത്തിനും അപകടകരമായ സാങ്കേതിക വിദ്യയെന്നാണ്




തൃശ്ശൂരിൽ നടന്ന കടുക് സത്യാഗ്രഹത്തിൽ കൃഷിവകുപ്പ് മന്ത്രി വി.എസ്.സുനിൽകുമാർ സംസാരിക്കുന്നു.

**ഡൽഹി സർവകലാശാല വികസിപ്പിച്ചെടുത്ത ഈ ജി.എം.കടുക് കളനാശിനികളെ പ്രതിരോധിക്കുന്ന സ്വഭാവ വിശേഷങ്ങൾ ഉള്ളതാണ്. എന്നാൽ വിളവ് വർദ്ധിപ്പിക്കുന്ന വിത്തെന്നു പറഞ്ഞാണ് പ്രചാരണം നടക്കുന്നത്. ജി.എം. കടുകിന്റെ ഈ പ്രത്യേക സ്വഭാവത്തെ അവഗണിക്കാൻ നിയന്ത്രണ ഏജൻസിക്കു കഴിയില്ല. കർഷകർ ഈ വിത്ത് കൃഷിചെയ്യാൻ തുടങ്ങുമ്പോൾ കളനാശിനികൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ കഴിയില്ല.ഇന്ത്യയിലെ പല ഏജൻസികളും വിദഗ്ധരും ഇവിടെ കളനാശിനികളെ പ്രതിരോധിക്കുന്ന എച്ച്.ടി വിളകൾ അനുവദിക്കരുതെന്ന് പറഞ്ഞിരുന്നു. ഈ വിളകളുണ്ടാക്കുന്ന ആരോഗ്യ–പരിസ്ഥിതി പ്രത്യാഘാതങ്ങൾ മാത്രമല്ല ഇതിനു കാരണം.ഇതുണ്ടാക്കുന്ന സാമൂഹ്യ–സാമ്പത്തിക പ്രത്യാഘാതങ്ങൾ കൂടിയാണ്**

സബ്സിഡിയറി കമ്പനിയാണ് ഈ വിത്ത് വികസിപ്പിച്ചെടുത്തത്) ഇപ്പോൾ വികസിപ്പിച്ച ഡൽഹി സർവ്വകലാശാലയും പറയുന്നത് കളനാശിനിയെ പ്രതിരോധിക്കാൻ വേണ്ടിയല്ല ഈ ജീൻ നിക്ഷേപിച്ചിരിക്കുന്നത്,പകരം ഒരു മാർക്കർ ആയിട്ടാണെന്നാണ്(വിത്തുകളിൽ കൂട്ടിച്ചേർത്ത പുതിയ ജീൻ എവിടെ ഇരിക്കുന്നു എന്നുകാണിക്കുന്ന ജീനുകളാണ് മാർക്കറുകൾ). ഇതും 2002ലെ തീരുമാനത്തിനു കാരണമായി.എന്നാൽ ഇതേ സാങ്കേതിക വിദ്യ തന്നെയാണ് ഡൽഹി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ.ദീപക് പെന്റലും ഉപയോഗിച്ചിരിക്കുന്നത്.

- കടുക് കൃഷിചെയ്യുന്ന പ്രധാന സംസ്ഥാനങ്ങൾക്ക് ജനിതകമാറ്റം വരുത്തിയ വിളകളുടെ പരീക്ഷണം പോലും വേണ്ടെന്ന അഭിപ്രായമാണ്. രാജസ്ഥാൻ, മധ്യപ്രദേശ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങൾ ജി.എം കടുകിന്റെ പരീക്ഷണം പോലും അനുവദിച്ചിട്ടില്ല. കൃഷി ഒരു സംസ്ഥാന വിഷയമായിരിക്കേ അവരുടെ അനുമതിയില്ലാതെ ഇത്തരം വിളകൾക്ക് കേന്ദ്രം അനുമതി നൽകുന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. ബി.ടി. വഴുതനങ്ങ വേണ്ടെന്നു പറഞ്ഞതും സംസ്ഥാനങ്ങളാണ്. ബി.ടി. വഴുതനങ്ങക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയത് അതുകൊണ്ട് കൂടിയാണ്.

- കടുകിന്റെ വൈവിധ്യത്തിന്റെ സെന്ററാണ് ഇന്ത്യ. വഴുതനങ്ങയുടെ കാര്യത്തിലെന്ന പോലെ കടുകിന്റെ കാര്യത്തിലും ഇന്ത്യയാണ് വൈവിധ്യത്തിന്റെ സെന്റർ. ചില ശാസ്ത്രജ്ഞർ പറയുന്നത് കടുക് ഉണ്ടായതും ഇന്ത്യയിലാണെന്നാണ്.ഡോ.എം.എസ്. സ്വാമിനാഥൻ ചെയർമാനായിരുന്ന ബയോടെക്നോളജി ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട്(2004) മുതൽ, 2013 ലെ സുപ്രീം കോടതി നിയോഗിച്ച സാങ്കേതിക വിദഗ്ധരുടെ കമ്മിറ്റി വരെ നിർബന്ധമായും നിർദ്ദേശിച്ച കാര്യം ഇന്ത്യയിൽ ഉണ്ടായതോ,ഇന്ത്യ വൈവിധ്യത്തിന്റെ സെന്റർ ആയതോ ആയ വിളകളിൽ ജനിതകമാറ്റ പരീക്ഷണങ്ങൾ നടത്തിക്കൂടാ എന്നതാണ്. ബി.ടി. വഴുതനങ്ങക്ക് മൊറട്ടോറിയം ഏർപ്പെടുത്താനുണ്ടായ കാരണങ്ങളിൽ പ്രധാനപ്പെട്ട ഒരു കാരണം ഇതായിരുന്നു.

- ജി.എം.കടുകിനെ ഒതുക്കി നിർത്താൻ കഴിയില്ല മലിനീകരണം സുനിശ്ചിതമാണ്. ജി.എം. വിളകളെപ്പറ്റി ലോകത്ത് പലഭാഗത്തും നിന്നുള്ള തെളിവുകളും,ജി.എം.കടുക് വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞൻ പറഞ്ഞ കാര്യങ്ങളും നോക്കുമ്പോൾ ജി.എം കടുകിനെ ഒതുക്കിനിർത്തുന്നത് അസാദ്ധ്യമാണ് എന്നു തന്നെയാണ് മനസ്സിലാക്കാൻ കഴിയുക. മലിനീകരണം അനിവാര്യമായിരിക്കും. ജൈവപരമായും വിത്തുകളുടെ കൈമാറ്റത്തിലൂടെ ഭൗതികപരമായുമുള്ള മലിനീകരണമായിരിക്കും ജി.എം. കടുക് കൃഷി ചെയ്യാൻ അനുവദിച്ചാൽ സംഭവിക്കുക.ഇത് ജൈവകർഷകർക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കും. കൂടാതെ കളകളുടെ വ്യാപനം, സൂപ്പർ കളകളുടെ വർദ്ധന, തുടങ്ങിയ പ്രശ്നങ്ങൾക്കും ഇത് ഇടയാക്കും .ഈ അവസരത്തിൽ 2007 ൽ സുപ്രീം കോടതി സർക്കാരിനോട് ജനിതക മലിനീകരണം തടയണമെന്ന് നിർദ്ദേശിച്ചത് ശ്രദ്ധേയമാണ്.

- ഡൽഹി സർവകലാശാല വികസിപ്പിച്ചെടുത്ത ഈ ജി.എം.കടുക് കളനാശിനികളെ പ്രതിരോധിക്കുന്ന സ്വഭാവ വിശേഷങ്ങൾ ഉള്ളതാണ്.എന്നാൽ വിളവ് വർദ്ധിപ്പിക്കുന്ന വിത്തെന്നു പറഞ്ഞാണ് പ്രചാരണം നടക്കുന്നത്. ജി.എം. കടുകിന്റെ ഈ പ്രത്യേക സ്വഭാവത്തെ അവഗണിക്കാൻ നിയന്ത്രണ ഏജൻസിക്കു കഴിയില്ല. കർഷകർ ഈ വിത്ത് കൃഷിചെയ്യാൻ തുടങ്ങുമ്പോൾ കളനാശിനികൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ കഴിയില്ല.ഇന്ത്യയിലെ പല ഏജൻസികളും വിദഗ്ധരും ഇവിടെ കളനാശിനികളെ പ്രതിരോധിക്കുന്ന എച്ച്.ടി വിളകൾ അനുവദിക്കരുതെന്ന് പറഞ്ഞിരുന്നു. ഈ വിളകളുണ്ടാക്കുന്ന ആരോഗ്യ-പരിസ്ഥിതി പ്രത്യാഘാതങ്ങൾ മാത്രമല്ല ഇതിനു കാരണം ഇതുണ്ടാക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാതങ്ങൾ കൂടിയാണ്. പ്രത്യേകിച്ചും കളകൾ പറിക്കുന്ന ജോലി പ്രധാനമായും ചെയ്യുന്ന സ്ത്രീകൾക്ക്.ഇന്ത്യൻ കാർഷിക മേഖലയിൽ അതിനാൽ എച്ച്.ടി. വിളകൾക്ക് യാതൊരു സ്ഥാനവുമില്ല.

- ജി.എം കടുകിൽ ഉപയോഗിച്ചിരിക്കുന്ന ജീൻ ഇതിനെ GURT (ജനിറ്റിക് യൂസ് റെസ്ട്രിക്ഷൻ ടെക്നോളജി) ആക്കുന്നു. ജി.എം കടുക് ഒരു സങ്കരയിനം കടുകാണ്. കൃഷിചെയ്യാനായി തയ്യാറെടുത്ത് കൊണ്ടിരിക്കുന്ന ഈ കടുകിന്റെ മാതാപിതാക്കളിൽ ഒന്നിൽ ബാർനാസേ എന്ന ജീൻ ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് പുരുഷവന്ധ്യത ഉണ്ടാക്കുന്ന ജീനാണ്.

**ഇന്ത്യയിൽ ഇത് വരെ കിട്ടിക്കൊണ്ടിരിക്കുന്ന കടുകെണ്ണയ്ക്കു യാതൊരു തകരാറുമില്ല. വടക്കേ ഇന്ത്യയിലും പാരമ്പര്യമായി ഉപയോഗിക്കുന്ന എണ്ണയാണിത്. എണ്ണ മാത്രമല്ല കടുകിന്റെ ഇലയും ഇവിടങ്ങളിൽ പച്ചക്കറിയായി ഉപയോഗിക്കുന്നുണ്ട്. ആയുർവേദ എണ്ണകളിലെ ഒരു പ്രധാന ഘടകമാണ് കടുകെണ്ണ. അത് കൊണ്ട് തന്നെ വളരെ പഠിച്ചു തീരുമാനിക്കേണ്ട ഒന്നാണ് ജി.എം കടുക് സുരക്ഷിതമാണോ അല്ലയോ എന്നത്.**



പ്രതിഷേധകൂട്ടായ്മയിൽ സുഗതകുമാരി ടീച്ചർ

ഇന്ത്യൻ നിയമം (കാർഷിക വിളകളെയും കർഷകരുടെ വിത്തിൻമേലുള്ള അവകാശത്തെയും സംരക്ഷിക്കുന്ന നിയമം) ഈ സാങ്കേതിക വിദ്യയെ വിശദീകരിക്കുന്നത് ജീവനും ജീവജാലങ്ങളുടെ ആരോഗ്യത്തിനും അപകടകരമായ സാങ്കേതിക വിദ്യയെന്നാണ്.

- കടുക് ആയുർവേദ ചികിൽസയിലെ ഒരു പ്രധാന ഘടകമാണ്. കടുക് ഭക്ഷണവും മരുന്നുമാണ്. ആയുർവേദ മരുന്നുകളിൽ പലതിനും കടുകും കടുകെണ്ണയും ഉപയോഗിക്കുന്നുണ്ട്. ജി.എം കടുക് ഇത്തരം മരുന്നുകളിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ പഠനവിധേയമായിട്ടില്ല.

- ജി.എം കടുക് തേനീച്ചകളെയും തേനീച്ച വ്യവസായത്തെയും മോശമായി ബാധിക്കും. ഇപ്പോൾ വികസിപ്പിച്ചെടുത്തിട്ടുള്ള ജി.എം കടുക് തേനീച്ചകളെ പ്രതികൂലമായി ബാധിക്കാനിടയുള്ള വിളയാണ്. മറ്റു സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ പലതും ഇത് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇത് വിളകളുടെ ഉത്പാദനത്തെയും തേനിന്റെ ഉത്പാദനത്തെയും മോശമായി ബാധിക്കും. തേനീച്ച വ്യവസായം ഇന്ത്യയിലെ ഒരു പ്രധാന വ്യവസായമായി വളർന്നു കൊണ്ടിരിക്കുകയാണ്. ഇതിൽ തേനീച്ച വളർത്തുകാർക്ക് തേൻ നൽകുന്ന ഒരു പ്രധാന വിള കടുകാണ്. കടുക് കൃഷിയും തേനീച്ച വളർത്തലും ഒരുമിച്ച് നടത്താനായാൽ കടുകിന്റെ ഉത്പാദനം 20-25% വർദ്ധിക്കുമെന്ന് മാത്രമല്ല, തേനിന്റെ ഉത്പാദനത്തിലൂടെ ഈ കർഷകർക്ക് കൂടുതൽ വരുമാനം ലഭിക്കുകയും ചെയ്യും.

ജി.എം കനോല (കടുകിന്റെ ബന്ധുവാണ് കനോല) യുടെ വിസ്തൃതി ലോകത്ത് കുറഞ്ഞു കൊണ്ടിരിക്കുന്നു. അപ്പോഴാണ് ജി.എം കടുക് കൃഷിചെയ്യാൻ ഇന്ത്യ ആലോചിക്കുന്നത്. കളനാശിനികളുണ്ടാക്കുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് കൃത്യമായ തെളിവുകൾ ഇന്ന് ലഭ്യമാണ്. ബി.ടി.വഴുതന മൊറട്ടോറിയത്തിനു ശേഷം ജനിതകമാറ്റം വരുത്തിയ വിളകളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഒരുപാട് തെളിവുകൾ അടുത്തകാലത്തായി പുറത്തു വന്നിട്ടുണ്ട്. എന്നാൽ ജി.എം കടുകിന്റെ ജൈവസുരക്ഷയെക്കുറിച്ച് പൊതുജനങ്ങൾക്കായി യാതൊരു വിവരവും പുറത്തുവിട്ടിട്ടില്ല. ഇതു വേണമെന്ന് സുപ്രീം കോടതി ഉത്തരവ് ഇട്ടിട്ടു പോലും. സർക്കാർ ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് വികസിപ്പിച്ചെടുത്ത ജി.എം വിളകൾക്ക് നേരത്തെയും ചില ഇളവുകൾ നിയന്ത്രണ ഏജൻസികൾ നൽകിയിരുന്നതായി കണ്ടിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉറപ്പുനൽകുന്ന ഒരു നടപടിയും തുടർന്ന് ഇവരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.

ഇന്ത്യയിൽ ഇത് വരെ കിട്ടി കൊണ്ടിരിക്കുന്ന കടുകെണ്ണയ്ക്കു യാതൊരു തകരാറുമില്ല. വടക്കേ ഇന്ത്യയിലും പാരമ്പര്യമായി ഉപയോഗിക്കുന്ന എണ്ണയാണിത്. എണ്ണ മാത്രമല്ല കടുകിന്റെ ഇലയും ഇവിടങ്ങളിൽ പച്ചക്കറിയായി ഉപയോഗിക്കുന്നുണ്ട്. ആയുർവേദ എണ്ണകളിലെ ഒരു പ്രധാന ഘടകമാണ് കടുകെണ്ണ. അത് കൊണ്ട് തന്നെ വളരെ പഠിച്ചു തീരുമാനിക്കേണ്ട ഒന്നാണ് ജി.എം കടുക് സുരക്ഷിതമാണോ അല്ലയോ എന്നത്. 2010 ൽ ബി.ടി വഴുതനങ്ങക്കു മോറട്ടോറിയം ഏർപ്പെടുത്തിയത് ഇത് പോലെ സുരക്ഷാ കാരണങ്ങൾ കൊണ്ടായിരുന്നു. അതിനു ശേഷം വന്ന സ്റ്റാന്റിംഗ് കമ്മിറ്റിയും സുപ്രീം കോടതി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയും ജി.എം വിളകളുടെ സുരക്ഷയെ പറ്റി ഉത്കണ്ഠ രേഖപ്പെടുത്തിയിരുന്നു. ഇത് നമ്മൾ കാണാതിരുന്നുകൂടാ.നമ്മൾ മനസ്സിലാക്കേണ്ടുന്ന ഒരു പ്രധാന കാര്യം ഇന്ത്യയെ പോലെ ഭക്ഷ്യ എണ്ണ ഉല്പ്പാദിപ്പിക്കാൻ കഴിവുള്ള മറ്റൊരു രാജ്യം ഇല്ല എന്നാതാണ്. അത് അളവിന്റെ കാര്യത്തിൽ മാത്രമല്ല, വൈവിദ്ധ്യത്തിന്റെ കാര്യത്തിലും നമ്മൾ വളരെ മുൻപിലാണ്. എന്നാൽ തെറ്റായ ആഗോള കച്ചവട നയങ്ങൾ നമ്മുടെ കർഷകരെ തളർത്തിയിരിക്കുകയാണ്. കേരളത്തിലെ തെങ്ങു കർഷകരുടെ കാര്യം നമുക്ക് അറിയാം. അത് പോലെ മറ്റു സംസ്ഥാനങ്ങളിലെ കർഷകരുടെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ വാസ്തവത്തിൽ ചെയ്യേണ്ടത് ഇവരെ പ്രോത്സാഹിപ്പിക്കുകയും, നല്ല ഗുണ നിലവാരമുള്ള എണ്ണ മാർക്കറ്റിൽ ലഭ്യമാക്കുകയുമാണ്. അതിനു പകരം അപകടം പിടിച്ച ജി.എം കടുക് പോലുള്ള വിത്തുകൾക്ക് അനുമതി കൊടുത്തു ഉത്പാദനം കൂട്ടാൻ നോക്കിയാൽ കടുക് കർഷകർ ആത്മഹത്യ ചെയ്യുന്നത് നമ്മൾ കാണേണ്ടി വരും. ഇപ്പോൾ തന്നെ മോശം ഭക്ഷ്യ ഉത്പന്നങ്ങൾ വാങ്ങി കഷ്ടപ്പെടുന്ന ഉപഭോക്താവിനെ ഒന്ന് കൂടി കഷ്ടപ്പെടുത്തേണ്ടി വരും. നമ്മുടെ എണ്ണ കയറ്റുമതിയെയും ഈ ഉത്പന്നം ബാധിക്കും.



**Article written by S Usha about problems causing by use of GM Mustard in Arogyapacha Magazine**

# കരുതിയിരിക്കണം; കടുകിലും പിടിമുറുകുന്നു

ഉഷ. എസ്

**ഒരു പതിറ്റാണ്ട് മുമ്പ് ഇന്ത്യയിൽ ഒളിച്ചുകടത്താൻ ശ്രമിച്ച ജി.എം. കടുക് രൂപവും ഭാവവും മാറ്റി വീണ്ടും കൊണ്ടുവരാൻ ഊർജിത ശ്രമങ്ങൾ നടക്കുകയാണ്. കടുകിൻെറ ഉൽപാദനം സംബന്ധിച്ച് തെറ്റായ കണക്കുകൾ നിരത്തിയും വ്യാജ അവകാശവാദങ്ങൾ ഉയർത്തിയുമാണ് ദീർഘകാല ഭീഷണിയായി മാറിയേക്കാവുന്ന ജി.എം. കടുകുകൾ അവതരിപ്പിക്കുന്നത്.**

പതിമൂന്ന് വർഷം മുൻപാണ് ജനറ്റിക് എഞ്ചിനിയറിങ് അപ്രൂവൽ കമ്മിറ്റി (ജി.ഇ.എ.സി.) ജി.എം. കടുകിന് അനുമതി നിഷേധിച്ചത്. എന്നാൽ ആ ജീൻ ഇതാ ഒരു തിരിച്ചുവരവിന് ഒരുങ്ങുന്നു. ഇതിനു ചെലവായതാകട്ടെ സർക്കാറിൻെറ 70 കോടി രൂപയും. അന്ന് ഒരു സ്വകാര്യകമ്പനി ആയിരുന്നു അനുമതിക്കായി വന്നതെങ്കിൽ ഇന്ന് ഇതൊരു സർക്കാർ ഉത്പന്നമായിട്ടാണ് അവതരിച്ചിരിക്കുന്നത്. ഡൽഹി സർവകലാശാലയാണ് ഇപ്പോൾ ജി.എം. കടുകിനായി അനുമതി തേടുന്നത്.

ബെയർ എന്ന കുത്തക കമ്പനിയുടെ സബ്സിഡിയറി ആയ പ്രൊ അഗ്രോ സീഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ആണ് നേരത്തെ വന്നവർ. കടുകിൻെറ ഉത്പാദനം 20-25 ശതമാനം വരെ ഉയർത്താൻ കഴിയും എന്നായിരുന്നു അവരുടെ അവകാശം. എണ്ണയുടെ ഗുണവും കൂടും എന്നും അവർ അവകാശപ്പെടുകയുണ്ടായി. ഈ പുതിയ ഉത്പന്നത്തിൽ നാലുതരം വ്യത്യസ്ത ജീനുകൾ ഉണ്ടെന്നും അവർ ജി.ഇ.എ.സിയെ അറിയിച്ചു. ഇപ്പോൾ ഡൽഹി സർവകലാശാല വികസിപ്പിച്ചെടുത്ത ജി.എം. കടുകിലും മൂന്നു ജീനുകൾ ഉണ്ട്. ബാർ, ബർണാസെ, ബാർസ്റ്റാർ എന്നിവയാണിവ. ഇവർ പറയുന്ന ഗുണങ്ങളും നേരത്തെ പ്രൊ അഗ്രോ കമ്പനി നല്കിയ



ഫോട്ടോ: യു.എൻ.ഐ

അവകാശങ്ങളും ഒന്നുതന്നെയാണ് എന്നതാണ് രസകരം. ഇവർക്കു രണ്ടുപേർക്കും ഉള്ള മറ്റൊരു സാമ്യം രണ്ടുകൂട്ടരും ഒരു പ്രധാനപ്പെട്ട വിവരം മറച്ചുവെക്കുന്നു എന്നതാണ്. ഈ ജി.എം. കടുകിൽ കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള ഒരു ജീൻ ഉണ്ട് എന്നതാണത്.

ജി.എം. കടുക് കളനാശിനികളെ പ്രതിരോധിക്കാൻ കഴിവുള്ള ഒരു വിത്താണ്. ഇത് കൃഷിചെയ്യാൻ തുടങ്ങിയാൽ കളനാശിനികളുടെ ഉപയോഗം തീർച്ചയായും വർധിക്കും. ജി.എം. വിളകൾ കൃഷിചെയ്യുന്ന രാജ്യങ്ങളിൽ റൗണ്ടപ്പിന്റെ ഉപയോഗം വ്യാപകമായതിന്റെ പ്രത്യാഘാതങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സൂപ്പർ കളകളുടെ വ്യാപനം ഇവിടങ്ങളിൽ വലിയ കാർഷിക പാരിസ്ഥിതിക പ്രശ്നമായിരിക്കുകയാണ്. 2015-ൽ ലോകാരോഗ്യ സംഘടനാ കാൻസറിന് കാരണമാകാനിടയുള്ള ഒരു കളനാശിനിയാണ് റൗണ്ടപ് എന്ന് കണ്ടെത്തി. മണ്ണിലെ ജീവികളെയും മണ്ണിന്റെ ആരോഗ്യത്തെയും ഈ കളനാശിനി നശിപ്പിക്കുന്നതായും ഉള്ള പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഇതുകൊണ്ടെല്ലാം ലോകത്തു റൗണ്ടപ്പിനു എതിരെയും കളനാശിനികളുടെ ഉപയോഗത്തിനെതിരെയും ശക്തമായ ചർച്ചകളും സമരങ്ങളും നടക്കുകയാണ്. ജി.എം. കടുകിനു അനുമതി ലഭിക്കുന്നതോടെ മറ്റു ജി.എം. വിത്തുകൾക്കും അനുമതി നേടാൻ എളുപ്പമാകും എന്നാണ് ജി.എം. വിത്ത് വ്യവസായികൾ കണക്കുകൂട്ടുന്നത്. ഇത് ഭക്ഷണത്തിന്റെ പുറത്തുള്ള നമ്മുടെ എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കും. കൃഷി ചെയ്യാൻ അനുമതി കിട്ടിയാൽ പിന്നെ ഒരു നിയന്ത്രണവും സാധ്യമല്ല തന്നെ.

ഇനി മറ്റൊരു വശം നോക്കുക.

ഇന്ത്യ ഇപ്പോൾ ഏകദേശം 60,000 കോടി രൂപയ്ക്കുള്ള എണ്ണ ഇറക്കുമതി ചെയ്യുന്നു എന്നാണ് കണക്ക്. അതുകൊണ്ട് കടുകെണ്ണയുടെ ഉത്പാദനം കൂട്ടിയേ കഴിയു എന്നാണ് വിദഗ്ധ അഭിപ്രായം. ജി.എം. കടുക് വികസിപ്പിച്ചെടുത്ത ഡോക്ടർ ദീപക് പെൻറൽ പറയുന്നത് ഇതിലൂടെ രാജ്യത്തിന്റെ ഇറക്കുമതിച്ചെലവ് കുറയ്ക്കാം എന്നാണ്. ഇത് തന്നെയാണ് 13 വർഷം മുൻപ് പ്രൊഅഗ്രോ കമ്പനിയുടെ വക്താക്ക ▶



ഖോരക്പൂരിലെ കടുകുപാടം

ളും പറഞ്ഞിരുന്നത്. ആഭ്യന്തര ഉപയോഗത്തിൻെറ പകുതിയും അന്ന് ഇറക്കുമതി ആയിരുന്നു. അതിനു വന്നിരുന്ന ചെലവ് 12,000 കോടി രൂപയും.

ഏതൊരു സാധാരണ മനുഷ്യനും മനസ്സിലാകുന്ന കണക്കാണിത്. വളരെ ബുദ്ധിയുള്ള കമ്പനികളും ശാസ്ത്രജ്ഞരും ഇവിടെ കടുകെണ്ണ ഉത്പാദനത്തിൽ വളരെ കുറവുണ്ട് എന്നുപറഞ്ഞു വിശ്വസിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. പക്ഷേ, വാസ്തവം അതല്ല.

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കും എണ്ണ ഇറക്കുമതിയോടു അപ്രീതി ഉണ്ടായിരുന്നു. ഇറക്കുമതിച്ചെലവ് കുറയ്ക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധമായിരുന്നു. ഇതിൽ മുകളിൽ നിന്നിരുന്നത് പെട്രോളം, രാസവളം, ഭക്ഷ്യഎണ്ണ എന്നിവയായിരുന്നു. ഇതിൽ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി അന്ന് 1500–3000 കോടിയോളം ആയിരുന്നു. ഇന്ത്യക്ക് ആവശ്യത്തിനുള്ള ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാനുള്ള കഴിവുണ്ട് എന്ന് തിരിച്ചറിഞ്ഞ രാജീവ് ഗാന്ധി 1985-ൽ 'ടെക്നോളജി മിഷൻ ഇൻ ഓയിൽ സീഡ്സ്' ആരംഭിച്ചു.

അദ്ഭുതം എന്ന് പറയട്ടെ, 1986-നും 1993-നും ഇടയ്ക്ക് ഭക്ഷ്യഎണ്ണയുടെ ഉത്പാദനം ഇരട്ടിച്ചു. ഈ പരിപാടിക്ക് 'മഞ്ഞ വിപ്ലവം' എന്നാണ് പേര് വീണത്. 1986-87-ൽ 11 ദശലക്ഷം ടൺ ആയിരുന്നു ഉത്പാദനമെങ്കിൽ 1993-94-ൽ ഇത് 22 ദശലക്ഷം ടൺ ആയി ഉയർന്നു. ഇന്ത്യ എണ്ണയുടെ കാര്യത്തിൽ ഒരുവിധം സ്വാശ്രയത്തിലേക്ക് അടുത്തു. പിന്നെ മൂന്നുശതമാനം മാത്രമേ ഇറക്കുമതി ചെയ്തിരുന്നുള്ളു. എന്നാൽ പിന്നീട് കണ്ടത് ആഗോളവത്കരണ ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യ എണ്ണയുടെ ഇറക്കുമതി ചുങ്കം കുറയ്ക്കുന്നതായിട്ടാണ്. ഇതുകാരണം വളരെ വിലകുറഞ്ഞ എണ്ണകൾ ഇന്ത്യയിലേക്ക് ഒഴുകാൻ തുടങ്ങി. ഇത് ആഭ്യന്തര ഉത്പാദനത്തെ ബാധിക്കാനും തുടങ്ങി. എണ്ണക്കുരുകൃഷി ലാഭകരം അല്ലാതായി.

2003-ൽ പ്രൊ അഗ്രോ കമ്പനി ജി. എം. കടുകുമായി വന്നപ്പോൾ ഇന്ത്യയുടെ എണ്ണ ഇറക്കുമതി 12,000 കോടി ആയിരുന്നെങ്കിൽ 13 വർഷത്തിനുശേഷം ഡോ. പെൻറൽ ജി.എം. കടുകുമായി എത്തിയപ്പോൾ ഇറക്കുമതി 60,000 കോടിയിൽ എത്തി. എന്നാൽ ഇത് ഇന്ത്യയിലെ ഉത്പാദന തകരാറ് കൊണ്ടല്ല സംഭവിച്ചത്, മറിച്ച് തെറ്റായ ആഗോള കച്ചവട നയങ്ങൾ കാരണം ആയിരുന്നു. ഇതുമൂലം ഇറക്കുമതിചുങ്കം ഏകദേശം പൂജ്യംവരെ എത്തി. അതിനാൽ ഈ ചെലവ് കുറയ്ക്കാനുള്ള വഴി ഇറക്കുമതി ചുങ്കം 70 ശതമാനം എങ്കിലും ആക്കുക എന്നതാണ്. ഭക്ഷ്യഎണ്ണയ്ക്ക് 300 ശതമാനം വരെ ഇറക്കുമതിചുങ്കം വെക്കാൻ ലോക വ്യാപാര സംഘടന

**ഇന്ത്യയെപ്പോലെ ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള മറ്റൊരു രാജ്യം ഇല്ല എന്നതാണ്. അത് അളവിൻെറ കാര്യത്തിൽ മാത്രമല്ല, വൈവിധ്യത്തിൻെറ കാര്യത്തിലും നമ്മൾ വളരെ മുൻപിലാണ്. എന്നാൽ തെറ്റായ ആഗോള കച്ചവട നയങ്ങൾ നമ്മുടെ കർഷകരെ തളർത്തിയിരിക്കുകയാണ്.**

അനുവദിക്കുന്നുണ്ട്. ഇതുചെയ്താൽ ഇന്ത്യയിലെ കർഷകർ നമുക്ക് ആവശ്യമുള്ള എണ്ണ ഉത്പാദിപ്പിച്ചു തരും. അതിനു മാന്യമായ വില നല്കുകയെ നമ്മൾ ചെയ്യേണ്ടതുള്ളൂ.

ഇതൊന്നും ചെയ്യാതെ പകരം ഇപ്പോൾ കേന്ദ്ര സർക്കാറിനെ പറഞ്ഞു ബോധ്യപ്പെടുത്തിയിരിക്കുന്നത് ജി.എം. കടുക് കൃഷി ചെയ്താൽ ഉത്പാദനം 20–25 ശതമാനം കൂട്ടാമെന്നും അങ്ങനെ രാജ്യത്തിൻെറ എണ്ണ ആവശ്യം സാധിക്കാം എന്നുമാണ്. ഒരുകാര്യം ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ഇതുവരെയും ഉത്പാദനം കൂട്ടാനുള്ള ജീൻ കണ്ടുപിടിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. രണ്ടാമതായി ഇന്ത്യയിൽ കൃഷിചെയ്യുന്ന സങ്കരയിനം കടുകിൻെറ അത്ര വിളവേ ഈ ജി.എം. കടുകിനുമുള്ളൂ. എന്നാൽ ഇത് വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞർ വിളവിനെ നാടൻ കടുകുമായി താരതമ്യം ചെയ്തുള്ള വിളവാണ് പറയുന്നത്. ഇത് അനീതിയാണ്. ഇതിനും പുറമെ മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളായ ജീനുകൾ മൂലമുണ്ടാകുന്ന മലിനീകരണം, സൂപ്പർ കളകളുടെ വ്യാപനം തുടങ്ങിയ പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ മറുപടിതരാൻ ഇവർക്കു ഇതുവരെ കഴിഞ്ഞിട്ടുമില്ല.

ഇന്ത്യയിൽ ഇതുവരെ കിട്ടിക്കൊണ്ടിരിക്കുന്ന കടുകെണ്ണയ്ക്ക് യാതൊരു തകരാറുമില്ല. വടക്കേ ഇന്ത്യയിലും കിഴക്കേ ഇന്ത്യയിലും പാരമ്പര്യമായി ഉപയോഗിക്കുന്ന എണ്ണയാണിത്. എണ്ണ മാത്രമല്ല കടുകിൻെറ ഇലയും ഇവിടങ്ങളിൽ പച്ചക്കറിയായി ഉപയോഗിക്കുന്നുണ്ട്. ആയുർവേദ എണ്ണകളിലെ ഒരു പ്രധാന ഘടകമാണ് കടുകെണ്ണ. അതുകൊണ്ടുതന്നെ വളരെ പഠിച്ചു തീരുമാനിക്കേണ്ട ഒന്നാണ് ജി.എം. കടുക് സുരക്ഷിതമാണോ അല്ലയോ എന്നത്. 2010-ൽ ബി. ടി. വഴുതനങ്ങയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയത് ഇതുപോലെ സുരക്ഷാകാരണങ്ങൾ കൊണ്ടായിരുന്നു. അതിനുശേഷം വന്ന പാർലമെൻററി സ്റ്റാൻറിങ് കമ്മിറ്റിയും സുപ്രീംകോടതി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയും ജി.എം. വിളകളുടെ സുരക്ഷയെപ്പറ്റി ഉത്ക



ഫോട്ടോ: കെ.ആർ. വിനയൻ

ണ്ട രേഖപ്പെടുത്തിയിരുന്നു. ഇത് നമ്മൾ കാണാതിരുന്നുകൂടാ.

നമ്മൾ മനസ്സിലാക്കേണ്ടുന്ന ഒരു പ്രധാനകാര്യം ഇന്ത്യയെപ്പോലെ ഭക്ഷ്യഎണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള മറ്റൊരു രാജ്യം ഇല്ല എന്നതാണ്. അത് അളവിൻെറ കാര്യത്തിൽ മാത്രമല്ല, വൈവിധ്യത്തിൻെറ കാര്യത്തിലും നമ്മൾ വളരെ മുൻപിലാണ്. എന്നാൽ തെറ്റായ ആഗോള കച്ചവട നയങ്ങൾ നമ്മുടെ കർഷകരെ തളർത്തിയിരിക്കുകയാണ്. കേരളത്തിലെ തെങ്ങുകർഷകരുടെ കാര്യം നമുക്ക് അറിയാം. അതുപോലെ മറ്റു സംസ്ഥാനങ്ങളിലെ കർഷകരുടെ സ്ഥിതിയും വ്യത്യസ്തമല്ല. സർക്കാർ വാസ്തവത്തിൽ ചെയ്യേണ്ടത് ഇവരെ പ്രോത്സാഹിപ്പിക്കുകയും നല്ല ഗുണനിലവാരമുള്ള എണ്ണ മാർക്കറ്റിൽ ലഭ്യമാക്കുകയുമാണ്. അതിനു പകരം അപകടംപിടിച്ച ജി.എം. കടുക്പോലുള്ള വിത്തുകൾക്ക് അനുമതി കൊടുത്ത് ഉത്പാദനംകൂട്ടാൻ നോക്കിയാൽ കടുക് കർഷകർ ആത്മഹത്യ ചെയ്യുന്നത് നമ്മൾ കാണേണ്ടിവരും. ഇപ്പോൾതന്നെ മോശം ഭക്ഷ്യഉത്പന്നങ്ങൾ വാങ്ങി കഷ്ടപ്പെടുന്ന ഉപഭോക്താവിനെ ഒന്നുകൂടി കഷ്ടപ്പെടുത്തേണ്ടി വരും. നമ്മുടെ എണ്ണക്കയറ്റുമതിയെയും ഈ ഉത്പന്നം ബാധിക്കും. ജി.ഇ.എ.സി. ആരുടെ കൂടെയാണ് എന്നതാണ് ഇപ്പോഴത്തെ പ്രശ്നം? ജനങ്ങളുടെ കൂടെയോ അതോ ജി.എം. വ്യവസായികളുടെ കൂടെയോ ?

ജി.ഇ.എ.സി. ഈ വിഷയത്തിൽ എടുക്കുന്ന നിലപാടുകൾ സംശയം ഉണർത്തുന്നതാണ്. ജി.എം. കടുകിൻെറ വിഷയത്തിൽ ഒരു സബ് കമ്മിറ്റി ഇവർ വെച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഒരു ഏഴംഗ കമ്മിറ്റിയാണ്. ഈ കമ്മിറ്റി ഇപ്പോൾ ഒരു രേഖ അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജി.എം. കടുക് ഭക്ഷണത്തിനും പരിസ്ഥിതിക്കും അപകടമല്ല എന്ന് പറയുന്ന രേഖയാണിത്. ഇത് അവരുടെ നിലപാട് സൂചിപ്പിക്കുന്നതാണ്. ഈ തീരുമാനം തന്നെ 15 മിനുട്ട് മാത്രം എടുത്ത ഒരു മീറ്റിങ്ങിൽ ഉണ്ടായതാണ്. 30 ദിവസത്തിനുള്ളിൽ ജനങ്ങൾ അഭിപ്രായം പറയണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്.

**ഭക്ഷ്യഎണ്ണയ്ക്ക് 300 ശതമാനം വരെ ഇറക്കുമതിച്ചുങ്കം വെക്കാൻ ലോക വ്യാപാര സംഘടന അനുവദിക്കുന്നുണ്ട് . ഇതുചെയ്താൽ ഇന്ത്യയിലെ കർഷകർ നമുക്ക് ആവശ്യമുള്ള എണ്ണ ഉത്പാദിപ്പിച്ചു തരും. അതിനു മാന്യമായ വില നല്കുകയെ നമ്മൾ ചെയ്യേണ്ടതുള്ളൂ .**



എന്നാൽ ജനങ്ങൾ കാണണമെന്ന് ആവശ്യപ്പെട്ട ജൈവസുരക്ഷാരേഖ ഇതല്ല. ആ രേഖ കണ്ടാൽ മാത്രമേ ഈ വിത്തിൻെറ യഥാർഥവശങ്ങൾ പൊതുസമൂഹത്തിനും മറ്റു വിദഗ്ധർക്കും മനസ്സിലാക്കാൻ കഴിയു. ഈ രേഖ വേണ്ടവർ ഡൽഹിയിലെ പരിസ്ഥിതി മന്ത്രാലയത്തിൻെറ ഓഫീസിൽ ചെല്ലണമെന്നാണ് പറഞ്ഞിരിക്കുന്നത്. സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻെറ തീരുമാനങ്ങൾക്ക് എതിരാണ് ഈ നിലപാട്.

ഇതെല്ലം കാണുമ്പോൾ സാധാരണ ഏതൊരാൾക്കും തോന്നുന്ന കാര്യം ജി.ഇ.എ.സി. ഒരു തീരുമാനം എടുത്തുകഴിഞ്ഞു എന്ന് തന്നെയാണ്. മറിച്ചു ഒരു അഭിപ്രായം അവർ കേൾക്കാൻ തയ്യാറല്ല എന്നാണ്. എത്രയും ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടുന്ന ഒരു വിഷയത്തെ ഇത്ര ലാഘവത്വത്തോടെ നടപ്പാക്കുന്നത് കാണുമ്പോൾ നമ്മുടെ സ്ഥിതിയെപ്പറ്റി ആശങ്കപ്പെടാതിരിക്കാൻ കഴിയില്ല .

കൃഷി ഒരു സംസ്ഥാന വിഷയമായിരിക്കെ സംസ്ഥാന സർക്കാറുകളുമായി ചർച്ചപോലും ഇക്കാര്യത്തിൽ ഇല്ല എന്നതും അപകടകരമാണ്. ഒരു ജൈവ സംസ്ഥാനത്തേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സർക്കാറും ജനങ്ങളും ഈ വിഷയത്തിൽ ശക്തമായിത്തന്നെ തങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതുണ്ട്.■



**Article written by S Usha about GM mustard in Mathrubhumi Weekly**